# സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇൻഡ്യ
## യുവജന പ്രവർത്തന ബോർഡ്

## യുവജന ഞായർ സ്തോത്രകാഴ്ച

### 2022 ഒക്ടോബർ 2 ഞായർ
### പ്രതീക്ഷിക്കുന്ന തുക: 6,50,000

ബഹുമാനപ്പെട്ട വികാരി അച്ചന്മാർക്കും, ഇടവകകൾക്കും, യൂത്ത്സ് യൂണിയൻ ഭാരവാഹികൾക്കും, പ്രവർത്തകർക്കും കർത്താവായ യേശുക്രിസ്തുവിന്റെ നിസ്തുല്യ നാമത്തിൽ സ്നേഹവന്ദനം!

യുവജന പ്രവർത്തന ബോർഡിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളിൽ വ്യാപരിച്ച ദൈവകൃപയ്ക്കായി സ്തോത്രം ചെയ്യുന്നു. ത്രൈവാർഷിക യുവജനക്യാമ്പ് വളരെ അനുഗൃഹീതമായി നടത്തപ്പെടുവാൻ സർവ്വശക്തനായ ത്രീയേക ദൈവം നമ്മോടു കരുണ ചെയ്തു. 750–ൽ പരം യുവജനങ്ങൾ ക്യാമ്പിൽ പങ്കെടുത്തു. ആയതിൽ 150–ൽ പരം യുവജനങ്ങൾ ആദ്യമായി പങ്കെടുത്ത ക്യാമ്പായിരുന്നു ഈ വർഷത്തെ ത്രൈവാർഷിക ക്യാമ്പ്. മാത്രമല്ല ധാരാളം യുവജനങ്ങൾ യേശു കർത്താവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ച ഒരു സമ്മേളനവും കൂടി ആയിരുന്നു. പ്രാർത്ഥിച്ച, സഹകരിച്ച, സഹായിച്ച ഏവരോടും ഉള്ള പ്രത്യേക നന്ദി ഇത്തരുണത്തിൽ ഞങ്ങൾ അറിയിക്കുന്നു.

ഐവർകാല യൂത്ത് സെന്റർ പ്രവർത്തനങ്ങളും അതിനോടനുബന്ധിച്ച് ബോർഡ് പദ്ധതിയിടുന്ന **'ശ്രദ്ധ പാലിയേറ്റീവ് സെന്റർ'** തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. റവ. ജോൺ മാത്യു സെന്ററിൽ താമസിച്ച് പ്രസ്തുത പരിപാടികൾക്ക് നേതൃത്വം നൽകുന്നു. ഏവരുടെയും പ്രാർത്ഥനയെ നിരന്തരം ക്ഷണിക്കുന്നു.

യുവജന പ്രവർത്തന ബോർഡിന്റെ പ്രധാന ധനാഗമന മാർഗ്ഗം ആണ് **ഒക്ടോബർ 2 ഞായറാഴ്ച്ച ശേഖരിക്കുന്ന യുവജന ഞായർ സ്തോത്രകാഴ്ച.** ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതും അന്നേദിവസം ലഭിക്കുന്ന സ്തോത്രകാഴ്ച്ച വരുമാനം ആണ്. ആയതിനാൽ ഉപേക്ഷ വിചാരിക്കാതെ ബഹുമാനപ്പെട്ട വികാരി അച്ചന്മാരും, ഇടവക ചുമതലക്കാരും, യൂത്ത്സ് യൂണിയൻ പ്രവർത്തകരും ഈ സ്തോത്രകാഴ്ച്ച ശേഖരിക്കുന്നതിനും, ബോർഡ് ഓഫീസിലേക്ക് അയച്ചു തരുന്നതിനും പ്രത്യേകം ശ്രദ്ധിക്കണമെ.

യുവജന ഞായറാഴ്ച ആരാധനയിൽ യുവജനങ്ങളുടെ പങ്കാളിത്വം ബഹുമാനപ്പെട്ട വികാരി അച്ചന്മാരും, ഇടവക ചുമതലക്കാരും, യൂത്ത് യൂണിയൻ ഭാരവാഹികളും ഉറപ്പാക്കണമേ. വചന ധ്യാനം, മദ്ധ്യസ്ഥ പ്രാർത്ഥന, പാഠം വായന, അനുഭവസാക്ഷ്യം തുടങ്ങിയവയ്ക്ക് യുവജനങ്ങൾ നേതൃത്വം കൊടുക്കുവാൻ പരമാവധി ശ്രദ്ധിക്കേണമേ. അന്നേദിവസം ആരാധനാ മദ്ധ്യേ യുവജന പ്രവർത്തന ബോർഡിനേയും, ചുമതലക്കാരേയും ഓർത്ത് പ്രത്യേകം പ്രാർത്ഥിക്കുമല്ലോ. ദൈവം തരുന്നതായ അവസരങ്ങളും, താലന്തുകളും പരമാവധി പ്രയോജനപ്പെടുത്തുവാൻ ഏവരും ശ്രദ്ധിക്കേണമേ.

മാത്രമല്ല ഒക്ടോബർ 2 മുതൽ 8 ശനി വരെയുള്ള ദിവസങ്ങൾ യുവജനവാരമായി വേർതിരിച്ച് യുവജനങ്ങൾക്കുവേണ്ടി പ്രത്യേക പരിപാടികൾ ക്രമീകരിക്കുന്നത് ഉചിതമായിരിക്കും. കർത്താവ് നമ്മെയും, നമ്മുടെ പ്രവർത്തനങ്ങളെയും അനുഗൃഹിക്കട്ടെ!

കർത്തൃശുശ്രൂഷയിൽ

19 സെപ്റ്റംബർ 2022
തിരുവല്ല

റവ. അനിഷ് മാത്യു
സെക്രട്ടറി

**ഇൻഡ്യയിൽനിന്ന് പണം അയയ്ക്കുന്നതിന്**

Treasurer Board for youth work
South Indian Bank
Thiruvalla br.
Ac No. 0079053000021426
IFSC. SIBL0000079

**NB:** പണം ട്രാൻസ്ഫർ ചെയ്തതിന് ശേഷം ആ വിവരം കൃത്യമായി ഓഫീസിൽ അറിയിക്കേണ്ടതാണ്.